

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.**-691001**

ഇ-മെയിൽ**: doklm.ksad@kerala.gov.in**
ഫോൺ **: 0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ. കെ എൽ എം . പി-13/2094/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 25/11/2024
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ. കെ എൽ എം . തീയ്യതി: 25/11/2024
പി-13/2094/24

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ജി.സജികുമാർ	ഡെപ്യൂട്ടി ഡയറക്ടർ	01-11-2024	07-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
01-11-2024	07-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീകുമാരി.റ്റി ഓഡിറ്റ് ഓഫീസർ
ശ്രീമതി.പത്മാകുമാരി.എൽ. ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീജ.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശരൺ .എസ്.ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഉമാദേവി അമ്മ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി സുചിത്രാദേവി എം	സെക്രട്ടറി	01-04-2023	19-04-2023
ശ്രീ ഷിബു ഇ എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	20-04-2023	28-05-2023
ശ്രീമതി സുചിത്രാദേവി എം	സെക്രട്ടറി	29-05-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ഫൈസൽ അഹമ്മദ് കെ.ഐ.	അസി.സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി ശ്രുതി സിംഗ്	അസി.എൻജിനീയർ	01-04-2023	31-03-2024
ഡോ. ഭാഗ്യശ്രീ	വെറ്റിനറി സർജ്ജൻ	01-04-2023	31-03-2024
ഡോ. രാജി വിശ്വനാഥ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	31-03-2024
ഡോ. ഗിരൺ എസ്.	മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ	01-04-2023	31-03-2024
ശ്രീമതി വിസ്മി വിശ്വം	ഐ.സി.ഡി.എസ്. സൂപ്രവൈസർ	01-04-2023	31-03-2024
ശ്രീ സുബാഷ് സി.എൽ.	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2023	31-03-2024
ശ്രീമതി രമ്യാ കൃഷ്ണൻ	അക്രഡിറ്റഡ് എൻജിനീയർ	01-04-2023	31-03-2024

ശ്രീമതി ഷീബ ഫ്രാൻസിസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി ശാരിക ഒ.എസ്.	വി.ഇ.ഒ. ഗ്രേഡ് I	01-04-2023	27-12-2023
ശ്രീമതി വിനീത ബി.	വി.ഇ.ഒ(അഡി. ചാർജ്ജ്)	28-12-2023	02-01-2024
ശ്രീമതി അൽ സുമയ്യ എ.ആർ.	വി.ഇ.ഒ. ഗ്രേഡ് I	03-01-2024	31-03-2024
ശ്രീമതി ഷീജ എൻ	വി.ഇ.ഒ. ഗ്രേഡ് II	01-04-2023	20-09-2023
ശ്രീമതി വിനീത ബി.	വി.ഇ.ഒ. ഗ്രേഡ് II	21-09-2023	31-03-2024
ശ്രീമതി മിയ വർഗ്ഗീസ്	കൃഷി ഓഫീസർ (അഡി. ചാർജ്ജ്)	01-04-2023	12-07-2023
ശ്രീമതി അഞ്ജന എസ്	കൃഷി ഓഫീസർ (അഡി. ചാർജ്ജ്)	12-07-2023	03-08-2023
ശ്രീമതി സാന്ദ്ര സെബാസ്റ്റ്യൻ	കൃഷി ഓഫീസർ	04-08-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.	1-1-1
2	ഓഡിറ്റ് സാക്ഷ്യപത്രം	1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	എ.സി.ആർ. പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യപത്രികയിലെ ചെലവും പൊരുത്തപ്പെടുന്നില്ല	1-1-3
5	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-4
6	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല	1-1-5
7	ലൈഫ് ലോൺ വിതരണ ബാക്കി വാർഷികകണക്കിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.	1-1-6
8	Contractors Retention-ഡെപ്പോസിറ്റ് രജിസ്റ്ററും എ.എഫ്.എസും പൊരുത്തപ്പെടുന്നില്ല	1-1-7
9	ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.	1-1-8
10	B4ഷെഡ്യൂളിൽ-OTHER Liabilities ആയി കാണിച്ചിരിക്കുന്ന-5499/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പെൻഷൻ	1-7
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തര നിയന്ത്രണം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-11
21	മെൻസ്ട്രൽ കപ്പ് വിതരണം-പദ്ധതി പൂർത്തിയാക്കിയില്ല	1-12

22	ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല	1-13
23	എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾ -പദ്ധതി ലക്ഷ്യം കാണാതെ പാഴ്ചെലവായി മാറി	1-14
24	നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കും മുൻകൂർ നൽകുന്നത് സമയബന്ധിതമായി ക്രമീകരിക്കുന്നില്ല	1-15
25	തെരുവ് വിളക്ക് പരിപാലനം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല	1-16
26	പകൽവീട് പ്രവർത്തിക്കുന്നില്ല	1-17
27	പൊതു കിണറുകളിൽ പമ്പ്സെറ്റ് സ്ഥാപിക്കൽ - വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-18
28	റോഡ് കണക്ടിവിറ്റ് മാപ്പ് തയ്യാറാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല	1-19
29	ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കിയതിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല	1-20
30	ഹരിതകർമ്മസേന അവലോകനം	1-21
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

3	അനുബന്ധ പത്രികകൾ

ഭാഗം -1

പൊതു അവലോകനം

1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.-

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഇവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സാക്ഷ്യപത്രം

കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.24 ലെ 5(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 28.05.24 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ

ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2024 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 25-11-2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിംഗ്, ഇൻവെസ്റ്റിംഗ്, ഫിനാൻസിംഗ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് =185499/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) =3185224/-രൂപ

1-1-3 എ.സി.ആർ. പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യപത്രികയിലെ ചെലവും പൊരുത്തപ്പെടുന്നില്ല

ACR പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.
വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	**ACR** പ്രകാരമുള്ള ചെലവ്	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ്
സംരക്ഷണ ഗ്രാന്റ് റോഡ്	63,54,112/-രൂപ	29,19,591/-രൂപ

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

2023-24 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ, പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന

ചേർക്കേണ്ടിയിരുന്നതുമാണ്. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

1) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-1-6 ലൈഫ് ലോൺ വിതരണ ബാക്കി വാർഷികകണക്കിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

എ.എഫ്.എസ് പ്രകാരം Secured Loan ആയി 1,81,03,779/-രൂപയും, Prepaid Programme Expense ആയി 1,76,95,901/-രൂപയും കാണിച്ചിരിക്കുന്നു. വ്യത്യാസം 4,07,878/-രൂപ. എന്നാൽ ബാങ്ക് ബുക്കിന്റെ ബാലൻസ് (FEDERAL Bank) 1,954/-രൂപയാണ്.

1-1-7 Contractors Retention-ഡെപ്പോസിറ്റ് രജിസ്റ്ററും എ.എഫ്.എസും പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കോൺട്രാക്ടേഴ്സ് റീട്ടെൻഷൻ ഇനത്തിൽ വരവ് 29,928/-രൂപയും, ചെലവ് 2,376/-രൂപയുമാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം വരവ് 27,239/-രൂപയും, ചെലവ് 4,506/-രൂപയുമാണ്.

1-1-8 ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

1-1-9 B4ഷെഡ്യൂളിൽ-OTHER Liabilities ആയി കാണിച്ചിരിക്കുന്ന-5499/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ-Other Liabilities ആയി 5,499/-രൂപ കാണിച്ചിരിക്കുന്നു. വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്.

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 17.03.2023-ാം തീയതിയിലെ 1(1)-ാം നം. തീരുമാന പ്രകാരവും, പരിഷ്കരിച്ച ബജറ്റ് 20.01.24-ാം തീയതിയിലെ 7(3)നം. തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	85,48,094/-രൂപ
വരവ്	3,42,13,665/-രൂപ

ആകെ	4,27,61,759/-രൂപ
ചെലവ്	3,10,28,441/-രൂപ
നീക്കിയിരിപ്പ്	1,17,33,318/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2,15,729/-രൂപ

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	ലാപ്സായ തുക ₹
വികസന ഫണ്ട്-ജനറൽ	0	12963000/-	12963000/-	12962941/-	59/-
വികസന ഫണ്ട്-എസ്.സി.പി	0	11213100/-	11213100/-	10161163/-	1051937/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ബാങ്ക്	3926733/-	1610000/-	5536733/-	1128188/-	4408545/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ബാങ്ക്	1116310/-	2274549/-	3390859/-	1668349/-	1722510/-
മെയിന്റനൻസ്, റോഡ്	0	6797350/-	6797350/-	2919591/-	3877759/-
മെയിന്റനൻസ്,നോൺ-റോഡ്	0	2941400/-	2941400/-	2916150/-	25250/-
ഐ.സി.ഡി.എസ്	1631407/-	1557618/-	3189025/-	700000/-	2489025/-
ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ	34401/-	0	34401/-	0	34401/-
ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ റ്റു പി.എച്ച്.സി	240358/-	846921/-	1087279/-	0	1087279/-
ഹെൽത്ത് ഗ്രാന്റ് കൺവേർഷൻ ഓഫ് പി.എച്ച്.സി&സബ് സെന്റർ	111898/-	359749/-	471647/-	399771/-	71876/-
കുടിവെള്ള സ്കീം	10000/-	0	10000/-	0	10000/-
ശുചിത്വ മിഷൻ ഗ്രാന്റ്	915808/-	406458/-	1322266/-	573458/-	748808/-
Other Government Agencies-ടോട്ടൽ സാനിറ്റേഷൻ	84000	0	84000/-	0	84000/-
ലൈഫ് സംസ്ഥാനാവിഷ്കൃതം	738723/-	2700000/-	3438723/-	2040000/-	1398723/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ

(എണ്ണം)				(എണ്ണം)		ശതമാനം
161	10,44,27,244/-	87	4,41,94,722/-	0	74	54%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ	0	12,99,268/-	12,99,268/-	12,99,268/-	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	4,83,40,053/-	4,83,40,053/-	4,83,40,053/-	0

1-7 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക **(₹)**
കർഷകതൊഴിലാളി പെൻഷൻ	9,30,800/-
വിധവാ പെൻഷൻ	89,76,200/-
വാർദ്ധക്യകാല പെൻഷൻ	1,56,42,800/-
വികലാംഗ പെൻഷൻ	35,21,400/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	3,00,000/-
50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	3,18,600/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.11.2024 ന് 01.00 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,336/-രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ വരവുകൾ ഐ.എൽ.ജി.എം.എസ് വഴിയാണ് സ്വീകരിക്കുന്നത്. ചെലവുകൾ അധികൃതമാക്കി വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്. വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനരേഖ പ്രകാരം ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. പരിഷ്കരിച്ച നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ പ്രോജക്ടുകൾ പ്രകാരം നിർവ്വഹണ ഏജൻസികൾക്ക് അടവാക്കിയിട്ടുള്ള തുകകൾ ക്രമീകരിക്കുവാനുണ്ട്. കൃഷി, മൃഗസംരക്ഷണം തുടങ്ങിയ വികസന മേഖലയിലെ

പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ സമയബന്ധിതമായി തെരഞ്ഞെടുക്കുന്നതിനും ഗ്രാമസഭയുടെ അംഗീകാരം യഥാസമയം വാങ്ങുന്നുവെന്ന് ഉറപ്പാക്കുന്നതിലും കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. 2022-23. 2023-24 സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ ചെയ്ത് കരാർ വച്ച നിരവധി മരാമത്ത് പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ പൂർത്തിയാകാനുണ്ട്. പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികാരികൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12.08.2022	4/22 മുതൽ 6/22 വരെ	12.08.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	09.03.2020-19.03.2020	2014-15 മുതൽ 2018-19 വരെ	18.05.2020

1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാൻറ് നോട്ടീസ് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നമ്പർ **- 3/ 04.11.24**

1-12 മെൻസ്ട്രൽ കപ്പ് വിതരണം-പദ്ധതി പൂർത്തിയാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
പ്രോജക്ട് നമ്പർ	172/24, മെൻസ്ട്രൽ കപ്പ് വിതരണം.
അടങ്കൽ തുക	50000/-രൂപ (തനത്ഫണ്ട്)
ചെലവഴിച്ച തുക	45899/-രൂപ (ചെക്ക് നമ്പർ 166087/15-03-24)

മെൻസ്ട്രൽ കപ്പ് വിതരണം എന്ന മേൽ പദ്ധതിയിൽ HLL Life Care Ltd. എന്ന സ്ഥാപനത്തിൽ നിന്നും 153 മെൻസ്ട്രൽ കപ്പുകൾ വാങ്ങി സ്റ്റോക്കിലെടുത്തെങ്കിലും വിതരണം ചെയ്തിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 115/22 എൽ.എസ്.ജി.ഡി. തീയതി 28-05-22) ഖ 7.6.8 ൽ മെൻസ്ട്രൽ കപ്പിന്റെ ഉപയോഗം സംബന്ധിച്ച വിശ്വാസ്യതയ്ക്കും സംശയ നിവാരണത്തിനും യു.പി.എച്ച്.സി/എഫ്.എച്ച്.സി/പി.എച്ച്.സി/സി.എച്ച്.സി

ഡോക്ടറുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രചാരണ പരിപാടി നടത്തിയതിനുശേഷം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യണമെന്നും, ഗുണനിലവാരം ഉറപ്പാക്കി വിവിധ അളവുകളിലുള്ള മെൻസ്ട്രൽ കപ്പ് വാങ്ങി നൽകുന്നതിന്റെ ചുമതല ബന്ധപ്പെട്ട ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മെൻസ്ട്രൽ കപ്പ് വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും, ബോധവൽക്കരണം നടത്തി വിതരണം ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ. 12-11-24 ൽ ഗുണഭോക്താക്കളെ വിളിച്ചുകൂട്ടി പരിശീലനം നൽകി വിതരണം നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് വിതരണം നടത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 45,899/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകയറി നം **11/6-11-24**

തടസ്സപ്പെടുത്തുന്ന തുക- **45899/-** രൂപ

1-13 ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

2023-24 ലും മുൻവർഷങ്ങളിലുമായി വി.ഇ.ഒ. നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതികളുടെ പരിശോധനയുമായി ബന്ധപ്പെട്ട് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്നവർ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ട് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

	ഇതു വരെ കൈപ്പറ്റിയ തുക **(₹)**/	അവസാന ഗഡു കൈപ്പറ്റിയ തീയതി
മണി, ചാന്നാംതുണ്ടിൽ, നിലമേൽ	1,90,000/-രൂപ	28-03-23
ചന്ദ്രൻ, പുതിയതോപ്പിൽ, കോയിക്കൽ	2,00,000/-രൂപ	03-03-21
മിനിമോൾ, നിരപ്പിൽ പുത്തൻവീട്, ഓണമ്പലം	2,00,000/-രൂപ	18-12-23
ശശി, തുണ്ടുതറയിൽ, നിലമേൽ	40,000/-രൂപ	28-03-23
രാധാകൃഷ്ണൻ/സിന്ധു, ചിഞ്ചു ഭവനം, ചിറ്റമല	40,000/-രൂപ	28-07-23

മേൽ ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-14 എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾ -പദ്ധതി ലക്ഷ്യം കാണാതെ പാഴ്ചെലവായി മാറി

1. വാർഡ് 5 ചെമ്പ പാടശേഖരത്തിൽ ചിറ്റമല ചിറവരമ്പിൽ വൃക്ഷതൈ വച്ചു പിടിപ്പിക്കലും ജൈവവേലി നിർമ്മാണവും, Work Code 1613004003/WC/352223, അടങ്കൽ തുക- 1,75,468/-രൂപ, ചെലവഴിച്ച തുക-1,29,204/-രൂപ (FTO No. 859130/20-12-23 തുക 103230/-രൂപ, FTO

No. 908677/04-01-24 തുക 25974/-രൂപ)

ആകെ മനുഷ്യദിനങ്ങൾ- 508.02

പ്രവൃത്തി നടത്തിയ മനുഷ്യ ദിനങ്ങൾ-388

ചിറ്റമല ചിറവരമ്പ് (സ്വകാര്യവ്യക്തികളുടെ വയലിന്റെ സൈഡ്) വൃത്തിയാക്കി ഒരു കി.മീറ്റർ നീളത്തിൽ 350 വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുന്നതിന് (നടുന്ന സ്ഥലം വൃത്തിയാക്കൽ, കുഴിയെടുപ്പ്, നട്ടുപിടിപ്പിക്കൽ, വളം, 30 ദിവസം 2 തവണ വീതം വെള്ളം നനയ്ക്കൽ, തുടർന്നുള്ള 30 ദിവസം ഒരു തവണ വീതം വെള്ളം നനയ്ക്കൽ, 3 വർഷത്തേക്കുള്ള പരിപാലനം സംരക്ഷണത്തിനായി ട്രീ ഗാർഡ്, ജൈവവേലി എന്നീ പ്രവൃത്തികളാണ് അടങ്കലിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ 07-11-24-ൽ അസിസ്റ്റന്റ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥലം പരിശോധിച്ചതിൽ 3 മുളയുടെ കുറ്റികൾ മാത്രമാണ് കണ്ടത്.
പദ്ധതിക്കായി 350 മുള ചിറ്റമല ബ്ലോക്ക് കൃഷിഭവനിൽ നിന്നും ലഭിച്ചതായാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മേൽ പദ്ധതിക്കായി ചിറ്റമല കൃഷിഭവനിലെ സ്റ്റോക്ക് പ്രകാരം 250 മുളകളാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. ടി സാഹചര്യത്തിൽ 350 മുളകൾ നടുന്നതിനുള്ള മനുഷ്യദിനത്തിന് തുക ചെലവഴിച്ചതിനും, പദ്ധതി വഴി നട്ടു പരിപാലിച്ച മുളകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകവയറിക്ക് താഴെ കൊടുത്തിരിക്കും പ്രകാരം മറുപടി ലഭ്യമാക്കി.

പദ്ധതിക്കായി ചിറ്റമല ബ്ലോക്ക് കൃഷിഭവനിൽ നിന്നും ലഭിച്ച തൈകളിൽ മിക്കതിലും 2 തൈകൾ വീതം ഉണ്ടായിരുന്നതായും, ഇളക്കി മാറ്റി പിരിച്ചു നട്ട് 350 എണ്ണം തികച്ചു എന്നുമാണ് അറിയിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ എല്ലാം ചെയ്തിരുന്നു എന്നും തൈകൾ നട്ട ശേഷം അതിനുചുറ്റും ഓരോ തൈകൾക്കും ട്രീഗാർഡും നൽകിയിരുന്നു എന്നും, അതിനുശേഷം പലതവണ പ്രദേശത്ത് പശുവിനെയും പോത്തിനെയും ഇറക്കിയതുമൂലം തൈകൾ നശിച്ചു പോയി എന്നും, നിലവിൽ ചിറവരമ്പിന്റെ സൈഡിൽ മുളകൾ കാടുമൂടിയും കാടിനടിയിലും മറ്റുമായി കാണാവുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ സ്ഥലപരിശോധനയിൽ വളർച്ച പ്രാപിച്ച ഒരു മുള പോലും കണ്ടെത്താൻ സാധിച്ചില്ല. സ്ഥല പരിശോധനാ ഫോട്ടോകൾ ചുവടെ ചേർക്കുന്നു.

ചിറ്റമല ബ്ലോക്ക് കൃഷി ഭവനിൽ നിന്ന് ലഭിച്ച മുളതൈകൾ.




സ്ഥലപരിശോധന വേളയിലെ അവസ്ഥ




129204/-രൂപ ചെലവഴിച്ചെങ്കിലും ശരിയായ പരിപാലനമില്ലാതെ പാഴ്ചെലവായി മാറിയതിനാൽ ചെലവുതുക തടസ്സത്തിൽ വയ്ക്കുന്നു.

2. വാർഡ് 05–ചെമ്പു പാടശേഖരത്തിൽ കർഷകരുടെ തരിശുഭൂമി പുഷ്പകൃഷിക്കനുയോജ്യമാക്കൽ. Work Code 161300400 1/LD/514267, അടങ്കൽ തുക 121498/-, രൂപചെലവഴിച്ച തുക 40626/-രൂപ

(FTO No. 121756/27-3-24)

മേൽ പദ്ധതിക്കായി ഭൂമി വൃത്തിയാക്കി ബണ്ട് കോരുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും (11-03-24 മുതൽ 16-03-24വരെ, 21-03-24 മുതൽ 26-03-24 വരെ എന്നീ ദിനങ്ങളിൽ)നിലവിലും

പുഷ്പകൃഷി നടന്നിട്ടില്ല. 07-11-24 ൽ അസിസ്റ്റന്റ് എഞ്ചിനീയർ,എൻ.ആർ.ഇ.ജി.എസിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത പ്രദേശം പുല്ലും കളയും വളർന്ന് കാടുമൂടിയ നിലയിലാണെന്ന് കണ്ടു. ടി പദ്ധതിക്കായി 2024-25-ലും 6228/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി തുക ചെലവഴിച്ചിട്ടും നടപ്പിലാകാത്തത് സംബന്ധിച്ചു നൽകിയ എൻകുയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, താമരപ്പൂ കൃഷിക്കായി അതിർത്തി തിരിച്ച് ചെളി കോരി 3 വശം പൂർണ്ണമായും ബണ്ട് ചെയ്തിരുന്നു എന്നും, 4-ാമത്തെ വശത്തെ പ്രവൃത്തി തുടങ്ങിയപ്പോഴേക്കും തുടർച്ചയായുള്ള മഴയിൽ പാടശേഖരം മുഴുവൻ വെള്ളം കയറിയെന്നും, ബണ്ടുകൾ പോലും പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി നിർത്തിവെച്ചു എന്നുമാണ്.

സ്ഥലപരിശോധനയുടെ ഫോട്ടോകൾ ചുവടെ ചേർക്കുന്നു.





തൻവർഷം 40626/-രൂപ ചെലവഴിച്ചെങ്കിലും പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ചെലവുതുക തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി ലക്ഷ്യം കാണാത്ത സാഹചര്യത്തിൽ 2 പ്രവൃത്തികൾക്കുമായി ചെലവഴിച്ച 1,69,830/-രൂപ തടസ്സപ്പെടുത്തുന്നു. ഫലപ്രദമായ മോണിറ്ററിംഗ്, തുടർ പരിപാലനം എന്നിവ നടക്കാതിരുന്നതുമൂലമാണ് പദ്ധതികൾ ലക്ഷ്യം കാണാതെ പാഴ്ചെലവായി മാറുന്നത്. തൊഴിലുറപ്പ് പദ്ധതിയിലെ വിജിലൻസ് മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതും, ഭരണ സമിതിയുടെ കാര്യമായ വിലയിരുത്തൽ ഉണ്ടാകേണ്ടതുമാണ്.

എൻകവയറി നം **-17/07-11-24**
തടസ്സപ്പെടുത്തുന്ന തുക- 1,69,830/-രൂപ

1-15 നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കും മുൻകൂർ നൽകുന്നത് സമയബന്ധിതമായി ക്രമീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ക്രമീകരിക്കാനുള്ള മുൻകൂർ തുകയായി 31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം 41,74,192/-രൂപ ആസ്തിഭാഗത്ത് കാണിച്ചിട്ടുണ്ട് (B-18 ഷെഡ്യൂൾ). ഇതിൽ വിവിധങ്ങളായ ഔദ്യോഗിക ആവശ്യങ്ങളുടെ നിർവ്വഹണത്തിനായും (NREGS), വിവിധ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള അഡ്വാൻസും, KSEB, കേരള വാട്ടർ അതോറിറ്റി തുടങ്ങിയ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയും ഉൾപ്പെടുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഷെഡ്യൂൾ	സ്ഥാപനം/വ്യക്തി	മുൻകൂർ തുക ₹)
460500202	കേരള സംസ്ഥാന വൈദ്യുതി ബോർഡ്	4,99,757/-
460500201	കേരള വാട്ടർ അതോറിറ്റി	3,41,653/-
460500204	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	2,37,726/-
460500205	പബ്ലിക്ക് വർക്ക് ഡിപ്പാർട്ട്മെന്റ്	9,71,792/-

460500501	നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ	3,00,000/-
460100199	മറ്റുള്ളവ	30,576/-

മേൽ പദ്ധതികൾ നിലവിൽ പൂർത്തിയാക്കുകയും വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകൾ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ എൻകപയറിക്ക് (നം.9/24, 05.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകൾ മുൻവർഷങ്ങളിൽ ഉൾപ്പെടെ ക്രമീകരിക്കാതെ അവശേഷിക്കുന്നവയാണ്. വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി സർക്കാർ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിനും, നൽകിയിട്ടുള്ള എല്ലാ മുൻകൂറുകളും ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 തെരുവ് വിളക്ക് പരിപാലനം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ടിന്റെ പേരും/ നമ്പരും	18/24 തെരുവ് വിളക്ക് പരിപാലനം- ഇലക്ട്രീഷ്യൻമാർക്കുള്ള വേതനം	15/24 തെരുവ് വിളക്ക് പരിപാലനം – ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ തുക	200,000/-രൂപ(ധനകാര്യകമ്മീഷൻ ഗ്രാന്റ്)50,000തനത്ഫണ്ട്	370,000/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത്ഫണ്ട്)
ചെലവഴിച്ച തുക	228507/-രൂപ (സാങ്ഷൻ നം 247/20.12.23,ചെക്ക് നം. 11618/30.3.24)	60150/-രൂപ, തനത്ഫണ്ട് ചെക്ക് നം. 166112/26.03.24
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി	സെക്രട്ടറി

മേൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി കെ.എം. ഇലക്ട്രിക്കൽസിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 60150/-രൂപയും, അറ്റകുറ്റപ്പണിക്കായി കരാറുകാരന് നൽകിയ വേതനമിനത്തിൽ 228507/-രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച 15.09.2011 ലെ 3055/ഡിഎ3/2011/ തസ്വഭവ ഉത്തരവ് പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസിന് ടെണ്ടർ വിളിക്കുന്നതിന് മുൻപ് കെ.എസ്.ഇ.ബി.യും സ്ഥാപനവും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ബോധ്യപ്പെടേണ്ടതും ആയതിന്റെ വിവരം ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2. പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്ട് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും, തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രജിസ്റ്റർ

പരിപാലിക്കുകയും, പോസ്റ്റുകളിൽ നിന്ന് അഴിച്ചു മാറ്റുന്ന കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റിക്കൺസിൽ ചെയ്യേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നതായി കാണുന്നില്ല.

3. മെയിൻറനൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻകുയറിക്ക് (നം.6/24-07.11.24) മറുപടിയായി പഞ്ചായത്ത് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്നും, ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് ഇവ തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തെരുവ് വിളക്ക് പരിപാലനം സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് നടത്തേണ്ടതാണ്.

1-17 പകൽവീട് പ്രവർത്തിക്കുന്നില്ല

പ്രോജക്ട് നം -67/24

അടങ്കൽ തുക-85640/-രൂപ (വികസന ഫണ്ട്-ജനറൽ)

ചെലവ് തുക –23940/-രൂപ (21/14.06.23,47/06.07.23,61/03.08.23)

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പകൽവീട് തുടർ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം ഭക്ഷണം, കെയർടേക്കറുടെ ശമ്പളം എന്നീ ഇനത്തിൽ 23940/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജൂൺ 23 മുതലാണ് സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിലെ കെയർടേക്കറുടെ ശമ്പളമിനത്തിൽ 21000/-രൂപയും ഭക്ഷണത്തിനായി 2940/-രൂപയും ചെലവഴിച്ചിട്ടുണ്ട്. സെപ്റ്റംബർ മുതൽ സ്ഥാപനം പ്രവർത്തിച്ചിട്ടില്ല. 15.09.2023-ലെ പഞ്ചായത്ത് ഭരണസമിതിയുടെ സാധാരണയോഗ തീരുമാനം 10(2) പ്രകാരം ഗുണഭോക്താക്കളില്ലാതെ പ്രവർത്തനമില്ലാത്ത സാഹചര്യത്തിൽ എഫ്എച്ച്സിയിലെ ലാബ് പകൽ വീടിൽ താല്ക്കാലികമായി പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചു. 07.11.24 ൽ നടത്തിയ സ്ഥലപരിശോധനയിൽ പകൽ വീട് നിലവിൽ പൂട്ടി ഇട്ടിരിക്കുന്നതായി കണ്ടെത്തി. അന്തേവാസികൾ ഇല്ലാത്തതുകൊണ്ടാണ് സ്ഥാപനം നിലവിൽ പ്രവർത്തിക്കാത്തതെന്നും, പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ആയത് സംബന്ധിച്ച് നൽകിയ എൻകുയറിക്ക്(ഓഡിറ്റ് എൻകുയറി നം.8/24- 05.11.24) മറുപടിയായി അറിയിച്ചു. 2016-17 സാമ്പത്തിക വർഷം ജില്ലാപഞ്ചായത്ത് 10,68,377/-രൂപ അടങ്കൽ വച്ച് നിർമ്മിച്ച കെട്ടിടം നിഷ്ക്രിയ ആസ്തിയായി മാറാതെ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.



1-18 പൊതു കിണറുകളിൽ പമ്പ്സെറ്റ് സ്ഥാപിക്കൽ - വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പദ്ധതി - പൊതു കിണറുകളിൽ പമ്പ്സെറ്റ് സ്ഥാപിക്കൽ (151/24 സ്പിൽ ഓവർ)

അടങ്കൽ - വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം - 2,00,000/-രൂപ

ചെലവ് -189041/-രൂപ (ബിൽ നമ്പർ/തീയതി-333/24/03/2024, Treasury Reference No.23030500000014732/27.03.2024)

പൊതു കിണറുകളിൽ പമ്പ്സെറ്റും, വാട്ടർ ടാങ്കും സ്ഥാപിച്ച് പൊതുജനങ്ങൾക്ക് ഉപയുക്തമാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണഉദ്യോഗസ്ഥയായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ പൊതു കിണറുകളിൽ പമ്പ്സെറ്റ് സ്ഥാപിക്കൽ പദ്ധതിയിൽ പഞ്ചായത്തിലെ താഴെപ്പറയുന്ന അഞ്ച് വാർഡുകളിലെ ആറ് പൊതു കിണറുകളിലായി സബ്മേഴ്സിബിൾ പമ്പ്സെറ്റും വാട്ടർ ടാങ്കും സ്ഥാപിച്ച് വയറിംഗ് നടത്തിയിട്ടുണ്ട്.

ക്രമ നമ്പർ	വാർഡ്/പൊതു കിണർ
1	മുട്ടം/പുളിഞ്ചിവിള
2	മുട്ടം/ലക്ഷം വീട് കോളനി
3	ഉപ്പൂട്
4	ഓണമ്പലം
5	തെക്കേമുറി
6	കൊച്ചുപ്ലാമൂട്

07.11.2024 ൽ മുട്ടം വാർഡിൽ നടത്തിയ സ്ഥല പരിശോധനയിൽ പുളിഞ്ചിവിളയിൽ പൊതുകിണറിൽ പമ്പ് സെറ്റ് പ്രവർത്തിപ്പിച്ച് ടാങ്കിൽ ജലം ലഭ്യമാക്കിയിട്ടില്ല. 2023-24 സാമ്പത്തിക വർഷം പൊതുകിണറുകളിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പദ്ധതിയിൽ ഏതൊക്കെ കിണറുകളിലാണ് പമ്പ് സെറ്റ്, വാട്ടർടാങ്ക്, ടാപ്പ് എന്നിവ സ്ഥാപിച്ചതെന്നും, അവ ഗുണഭോക്തൃ സമിതിക്ക് കൈമാറിയതിന്റെയും, വൈദ്യുതി കണക്ഷൻ എടുത്ത് പദ്ധതി ഉപയോഗപ്രദമാക്കിയിട്ടുണ്ടോ എന്നതിന്റേയും വിവരം രേഖകൾ സഹിതം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം.18/07.11.2024) പൊതു കിണറുകളിൽ സ്ഥാപിച്ച പമ്പ് സെറ്റുകളുടെ പ്രവർത്തനത്തിലേക്കായി വൈദ്യുതി കണക്ഷനുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിന് അടിയന്തിര പ്രാധാന്യം നല്കേണ്ടതാണ്. വിഷയത്തിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-19 റോഡ് കണക്ടിവിറ്റ് മാപ്പ് തയ്യാറാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

പഞ്ചായത്ത് ഡയറക്ടറുടെ PAN/3173/2021-J(AP) തീയതി 23.11.2021 കത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കണമെന്നു നിർദേശിച്ചിരുന്നത് പ്രകാരം 2 പേരെ നിയമിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയതിന് 2021-22 വർഷത്തിൽ 20000/-രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 22149/-രൂപയും ചെലവഴിച്ചു. (2022-23 ഓഡിറ്റ് റിപ്പോർട്ട് ഖ.1-21). റോഡ് മാപ്പ് തയ്യാറാക്കിയതു പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നമ്പർ-4/05.11.2024) മറുപടിയായി ആർ-ട്രാക്ക് മുഖേന ട്രാക്ക് ചെയ്ത റോഡുകളുടെ സർവ്വേയർ ലെവൽ വെരിഫിക്കേഷൻ, എ.ഇ. ലെവൽ വെരിഫിക്കേഷൻ എന്നിവ പൂർത്തീകരിച്ച് റോഡുകളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച് കമ്മിറ്റി തീരുമാനം ആർ-ട്രാക്ക് സൈറ്റിൽ അപ്ലോഡ് ചെയ്ത ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലേയും വിശദാംശങ്ങൽ ഉൾക്കൊള്ളുന്ന ഷേപ്പ് ഫയൽ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും, സർക്കാർ അംഗീകാരം ലഭ്യമായാൽ അത് ആസ്തിയായി മാറുമെന്നും, നിലവിൽ ഓരോ റോഡിനും ആർ-ട്രാക്കിൽ നല്കിയിരിക്കുന്ന

റോഡ് ഐഡി പിന്നീട് ആസ്തി നമ്പരായി പരിഗണിക്കപ്പെടുമെന്നും മറുപടി നല്കിയിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി റോഡ് മാപ്പിൽ യഥാവിധി കൂട്ടിചേർക്കലുകളും തിരുത്തലുകളും വരുത്തി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതാണെന്നും അത് പിന്നീട് റോഡുകളുടെ ആസ്തിയായി അംഗീകരിക്കപ്പെടുമെന്നും അറിയിച്ചിട്ടുണ്ട്. ഷേപ്പ് ഫയലിന് സർക്കാർ അംഗീകാരം ലഭ്യമാകുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് റോഡ്കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

1-20 ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കിയതിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല

പദ്ധതി -പച്ചക്കറി കൃഷി മുറ്റത്തും ടെറസ്സിലും (81/24)

അടങ്കൽ -137500/-രൂപ (വികസന ഫണ്ട് എസ്സിപി - 102250/-രൂപ , തനത് ഫണ്ട് - 875/-രൂപ, ഗുണഭോക്തൃ വിഹിതം -34375/-രൂപ)

ചെലവ് – 137500/-രൂപ {വികസന ഫണ്ട് എസ്സിപി – 102250/-രൂപ (ബിൽ നമ്പർ - 07/17.11.2023 -51563/-രൂപ, 08/17.11.2023 -50687/-രൂപ) തനത് ഫണ്ട് - 875/- രൂപ (ചെക്ക് നമ്പർ – 358224/15.11.2024) – 875/-രൂപ, ഗുണഭോക്തൃ വിഹിതം - 34375/-രൂപ }

നിർവ്വഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

12”X12” വലിപ്പമുള്ള ചട്ടികളിൽ പോട്ടിംഗ് മിശ്രിതവും പച്ചക്കറി തൈകളും നല്കുന്ന പദ്ധതിയാണ് പച്ചക്കറി കൃഷി മുറ്റത്തും ടെറസ്സിലും (എസ്സിപി). 1250/-രൂപ വില വരുന്ന പത്ത് ചട്ടികളടങ്ങുന്ന ഒരു യൂണിറ്റിന് 313/-രൂപയാണ് ഗുണഭോക്തൃ വിഹിതം. 110 ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ ആനുകൂല്യം നല്കി. എസ്സിപി വിഭാഗത്തിൽ താഴെപ്പറയുന്ന 24 ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്/വിലാസം/ വാർഡ്
1	ശ്രീമതി. ബിന്ദു, ഐശ്വര്യാലയം, ഉപ്പൂട്
2	ശ്രീമതി.ഷീജ, ,പ്രതീക്ഷഭവനം, ഉപ്പൂട്
3	ശ്രീമതി.അപർണ്ണ, കളീലുവിള പുത്തൻ വീട്, ഉപ്പൂട്
4	ശ്രീമതി. ഗീത, ഗീതുഭവനം, ഉപ്പൂട്
5	ശ്രീമതി. ഷൈലജ, അക്ഷര നിവാസ്, നിലമേൽ
6	ശ്രീമതി. രമണിക്കുട്ടി, തപസ്യ, നിലമേൽ
7	ശ്രീമതി. ഉഷ, അമ്പിയിൽ പുത്തൻവീട്, നിലമേൽ
8	ശ്രീമതി. സുധർമ്മ വിജിത ഭവനം, നിലമേൽ
9	ശ്രീമതി. ശരണ്യ, കല്ലുശ്ശേരിൽ വീട്, നിലമേൽ
10	ശ്രീമതി.വിനിജ, കല്ലുശ്ശേരിൽ വീട്, നിലമേൽ
11	ശ്രീമതി.ലത, കാശി നിവാസ്, നിലമേൽ
12	ശ്രീമതി.സിന്ധുമോഹൻ, ഷൈലജ മന്ദിരം, നിലമേൽ

13	ശ്രീമതി.സോമി, അജ്ഞഭവനം, ചിറ്റമല
14	ശ്രീമതി.രാധ, സുധീഷ് ഭവനം, ചിറ്റമല
15	ശ്രീമതി.സുരിജ കുമാരി, പള്ളി കിഴക്കതിൽ, ചിറ്റമല
16	ശ്രീമതി.സുലത കുമാരി, നയന കോട്ടേജ്, ചിറ്റമല
17	ശ്രീമതി.രമണി, തെങ്ങുവിള വീട്, ചിറ്റമല
18	ശ്രീമതി.സുബിത, ഹരീഷ് ഭവനം, ചിറ്റമല
19	ശ്രീമതി.ബിന്ദുരാജ്, സുധീഷ് ഭവനം, ചിറ്റമല
20	ശ്രീമതി.ശ്യാമള, ഹരി ഭവനം, കൊടുവിള
21	ശ്രീമതി. സുമ, പ്ലാവിള ചരുവിൽ, കൊടുവിള
22	ശ്രീമതി. രജിത, കുട്ടകശ്ശേരിൽ ,താഴം,
23	ശ്രീമതി. ബീന, രാജി നിവാസ്, താഴം
24	ശ്രീമതി. ആനന്ദവല്ലി, ഉഷസ്സ്, താഴം

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത മേല്പറഞ്ഞ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭായോഗത്തിൽ അവതരിപ്പിച്ച് സാധൂകരണം ലഭ്യമാക്കിയിട്ടുണ്ടോയെന്ന വിവരം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകപയറിക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ ഗുണഭോക്തൃ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് കൃഷിഭവനിൽ നിന്നും നിരവധി തവണ അറിയിപ്പ് നല്കിയിട്ടും മതിയായ കൃഷിഭൂമിയില്ല, ജാതി സർട്ടിഫിക്കറ്റ് ലഭ്യമല്ല, ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ തയ്യാറല്ല എന്നീ കാരണങ്ങളാൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്നപ്പോൾ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം മതിയായ രേഖകൾ നല്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുവാൻ അറിയിച്ചത് പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയെന്നും, ഈ വിധത്തിൽ വിതരണം നടത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റ്, അടുത്ത ഗ്രാമസഭായോഗത്തിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങുമെന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻകപയറി നം**. 07/05.11.2024**

1-21 ഹരിതകർമ്മസേന അവലോകനം

2023 -24 ഹരിതകർമ്മസേന പ്രവർത്തന റിപ്പോർട്ട്

അടിസ്ഥാന വിവരങ്ങൾ

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 15 വാർഡുകളായി 30 ഹരിതകർമ്മസേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. ആകെ 6245 കുടുംബങ്ങളും 342 സ്ഥാപനങ്ങളും ഹരിതകർമ്മസേനയുടെ സേവനം ഉപയുക്തമാക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫ്, 15 വാർഡുകളിൽ 2 വാർഡുകളിൽ ഒഴികെ 15 മിനി എം.സിഎഫുകൾ എന്നിവ ഉണ്ട്. പഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും എല്ലാ

മാസവും വാതിൽപ്പടി ശേഖരണം നടത്തി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഐ.ഡി. കാർഡ്, യൂണിഫോം എന്നിവ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. എം.സി.എഫിൽ ഫയർ എക്സ്റ്റിംഗ്യൂഷർ, സ്ഥാപിച്ചിട്ടുണ്ട്.
ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്. മാലിന്യശേഖരണ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തി വരുന്നു. ഹരിതമിത്രം ആപ്ലിക്കേഷൻ വഴി സേവനങ്ങൾ, യൂസർ ഫീ എന്നിവ ഡിജിറ്റലായി രേഖപ്പെടുത്തുന്നു.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

ഹരിതകർമ്മസേനയുമായി സഹകരിക്കാത്തവർക്ക് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും എത്തി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പഞ്ചായത്തുതല വിജിലൻസ് സ്ക്വാഡും ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡും മാലിന്യ പരിപാലന പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ നടത്തിവരുന്നു.

തൊഴിൽ സൃഷ്ടിക്കൽ

പ്രതിമാസം ശരാശരി 7,000/-രൂപ ഒരു ഹരിതകർമ്മസേനാംഗത്തിന് വേതനമായി ലഭിക്കുന്നു.

അടിസ്ഥാനസൗകര്യ വികസനം

എം.സി.എഫിൽ അടിസ്ഥാന സൌകര്യങ്ങൾ കുറവാണ്. ഹരിതകർമ്മസേനയ്ക്ക് മിനി എം.സി.എഫിൽ നിന്നും എം.സി.എഫിലേക്ക് അജൈവ മാലിന്യം എത്തിക്കുന്നതിന് വാടകയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓഫീസ് സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം -കൈക്കൊണ്ട നടപടികൾ

പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരെയും പൊതു നിരത്തിലും ജലാശയങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെതിരെയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ടുമുള്ള ലഘുലേഖകൾ വീടുകളിലും സ്ഥാപനങ്ങളിലും എത്തിച്ചിട്ടുണ്ട്. വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുന്നുണ്ട്. ഗ്രാമപഞ്ചായത്ത് തല മാലിന്യ മുക്തവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് സെക്രട്ടറി (നോഡൽ ഓഫീസർ) നേതൃത്വത്തിൽ എല്ലാ കടകളിലും സ്ഥാപനങ്ങളിലും നിരോധിത പ്ലാസ്റ്റിക് സ്ക്വാഡ് നിശ്ചിത ഉൽപ്പന്നങ്ങൾ ഉപയോഗിക്കരുതെന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പരിശീലനവും വികസനവും

എല്ലാ മാസവും പഞ്ചായത്ത് തലത്തിൽ അവലോകനയോഗം നടത്തുന്നുണ്ട്. ഹരിതമിത്രം

ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് ടെക്നിക്കൽ സഹായം കെൽട്രോണിൽ നിന്നും ലഭിക്കുന്നു.

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

വീടുകളിലും സ്ഥാപനങ്ങളിലും 75% മാത്രമേ യൂസർ ഫീ ലഭ്യമാകുന്നുള്ളൂ. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 25.02.23 ലെ 4(4) തീരുമാന പ്രകാരം 01.03.2023 മുതൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഹരിതകർമ്മസേനയുടെ യൂസർഫീ രസീത് നിർബന്ധമാക്കി.

തുടർപ്രവർത്തന നിർദ്ദേശങ്ങൾ

1. നിലവിൽ ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹകരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്ത ഇടങ്ങളിൽ സമയബന്ധിതമായി മിനി എം.സി.എഫ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. "മാലിന്യ മുക്ത പഞ്ചായത്ത്" എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉറവിട മാലിന്യപരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

5. സമയബന്ധിതമായി മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന ക്ലീൻകേരള കമ്പനി ഏറ്റെടുക്കുകയും കരാർവ്യവസ്ഥപ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	03.11.24 മുതൽ 04.11.24 വരെ	കെ.എസ്.എ.കെ.എൽ.എം.പി.13/2094/24 തീയതി- 25 .11.2024

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (രൂപ)	പ്രൊജക്ടിന്റെ പേര്	ചെലവ് (രൂപ)	ബാലൻസ് (രൂപ)
ജില്ലാ പഞ്ചായത്ത്	23-24	240000/-	ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി.)	240000/-	0
ജില്ലാ പഞ്ചായത്ത്	23-24	289212/-	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	289212/-	0
ജില്ലാ പഞ്ചായത്ത്	23-24	620000/-	ലൈഫ് ഭവന നിർമ്മാണം (ജനറൽ)	620000/-	0
ജില്ലാ പഞ്ചായത്ത്	23-24	100000/-	ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർ ഷിപ്പ്	100000/-	
ജില്ലാ പഞ്ചായത്ത്	23-24	400000/-	അംഗൻവാടി നിർമ്മാണം	400000/-	
ബ്ലോക്ക്പഞ്ചായത്ത്	23-24	200000/-	ഇടവിള കൃഷി	200000/-	
ബ്ലോക്ക്പഞ്ചായത്ത്	23-24	100000/-	അനുപൂരക പോഷകാഹാരം പരിപാടി (ജനറൽ)	100000/-	0
ബ്ലോക്ക്പഞ്ചായത്ത്	23-24	1660000/-	ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി.)	1660000/-	
ബ്ലോക്ക്പഞ്ചായത്ത്	23-24	100000/-	ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർ ഷിപ്പ്	100000/-	
ബ്ലോക്ക്പഞ്ചായത്ത്	23-24	1260000/-	ലൈഫ് ഭവന നിർമ്മാണം (ജനറൽ)	1260000/-	0
ബ്ലോക്ക്പഞ്ചായത്ത്	23-24	100000/-	പാലിയേറ്റീവ് കെയർ	100000/-	0

ബ്ലോക്ക്പഞ്ചായത്ത്	23-24	112571/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ)	112571/-	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും, ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (രൂപ)	ചെലവഴിച്ച തുക (രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ)
കെ,എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ്	ചെക്ക് നം 111/18.01.24, 22300760/30.11.23	2,28,507/-	2,28,507/-	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 15,40,000/-രൂപ വരവുണ്ട്. 3,59,655/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക (രൂപ)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ)	തൻവർഷം തിരിച്ചടച്ച തുക (രൂപ)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ)
				മുതൽ	പലിശ	
		1540000/-	1,93,67,529/-	2803750/-		18103779/-

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1368/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (രൂപ)	ഒടുക്കിയ ആളുടെ പേരും/ ഉദ്യോഗപ്പേരും	രസീത് നമ്പർ/ തീയതി
2021-22	1-26	1368/-	ശ്രീ സനൽകുമാർ	1230 100957

			അസിസ്റ്റന്റ് എഞ്ചിനീയർ	16/08/2023

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2010-11, 2011-12	3.11	2014-15	4-1-10	വൃദ്ധസദനത്തിന് റിവോൾവിംഗ് ചെയർ	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്.
2012-13	1.5	2014-15	4-1-15	മിനി സ്റ്റേഡിയം നിർമ്മാണം	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്.
2013-14	അവലോകന റിപ്പോർട്ട്	2014-15	4-1-10	പകൽവീടും വൃദ്ധസദനം നിഷ്ക്രിയം	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്.
2016-2017	2-1, 2-2	2016-2017	2-1, 2-2	തൊഴിൽ നികുതി	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്.
2019-20	1-7-1, 1-7-2 1-7-3	2020-21	അനുബന്ധം – 1 അനുബന്ധം – 2	സാമൂഹ്യ സുരക്ഷാ പെൻഷൻ	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്.
2019-20	1-24, 1-25	20-21	അനുബന്ധം – 1 അനുബന്ധം – 2	മരുന്നും ഉപകരണങ്ങളും ലഭ്യമായിട്ടില്ല വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക **(**രൂപ**)**	ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും
1-12	45899/-	ഡോ. ഗിരൺ എസ്, മെഡിക്കൽ ഓഫീസർ കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്
1-14	169830/-	ശ്രീ .ഫൈസൽ അഹമ്മദ് കെ.ഐ, അസിസ്റ്റന്റ് സെക്രട്ടറി കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്
ആകെ	215729/-	

(സി**)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി**)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ**)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും/ഉദ്യോഗപ്പേരും	ഇപ്പോഴത്തെ **(**ഓഡിറ്റ് നടന്ന സമയത്തെ**)** ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ഫൈസൽ അഹമ്മദ് കെ.ഐ	അസിസ്റ്റന്റ് സെക്രട്ടറി കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്	എ.ജെ.എം.പാലസ്, ഓച്ചിറ(പി.ഒ), കൊല്ലം
ഡോ.ഗിരൺ എസ്.	മെഡിക്കൽ ഓഫീസർ, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്	അയോധ്യ, കുമ്മല്ലൂർ പി.ഒ. ആദിച്ചനല്ലൂർ.

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
97-98	കെ.എസ്.എ.-കെ.എൽ.എം./പി.4/436(1)/18 /28.02.18	3
98-99	കെ.എസ്.എ.-കെ.എൽ.എം./പി.4/436(2)/18 /28.02.18	3
99-2000	കെ.എസ്.എ.-കെ.എൽ.എം./പി.4/436(3)/18 /28.02.18	3
2000-01	കെ.എസ്.എ.-കെ.എൽ.എം./പി.4/436(4)/18 /28.02.18	17
2001-02	കെ.എസ്.എ.-കെ.എൽ.എം./പി.4/436(5)/18 /28.02.18	8
2002-03	കെ.എസ്.എ.-കെ.എൽ.എം./പി.4/436(6)/18 /28.02.18	3

2003-04	കെ.എസ്.എ.-കെ.എൽ.എം./പി.4/436(7)/18 /28.02.18	5
2004-05	കെ.എസ്.എ.-കെ.എൽ.എം./പി.4/436(8)/18 /28.02.18	12
2005-06	കെ.എസ്.എ.-കെ.എൽ.എം./പി.4/436(9)/18 /28.02.18	15
2006-07	കെ.എസ്.എ.-കെ.എൽ.എം./പി.4/779(1)/19 /07.06.19	17
2007-08	കെ.എസ്.എ.-കെ.എൽ.എം./പി.4/779(2)/19 /07.06.19	13
2008-09	കെ.എസ്.എ.-കെ.എൽ.എം./പി.4/779(3)/19 /07.06.19	9
2009-10	കെ.എസ്.എ.-കെ.എൽ.എം./പി.4/779(4)/19 /07.06.19	9
2010-11 & 2011-12	കെ.എസ്.എ.-കെ.എൽ.എം./പി.4/ അദാലത്ത്/2010-11,11-12/170/22, 20.08.22	7
2012-13	കെ.എസ്.എ.-കെ.എൽ.എം./പി 4/ അദാലത്ത്/2012-13/1249/22, 20.08.22	11
2013-14 & 2014-15	കെ.എസ്.എ.-കെ.എൽ.എം./പി 4/ അദാലത്ത്/2013-14,2014-15/1249/22, 20.08.22	18
2015-16	കെ.എസ്.എ.-കെ.എൽ.എം./പി 4/ അദാലത്ത്/2015-16/1249/22, 20.08.22	10
2016-17	കെ.എസ്.എ.-കെ.എൽ.എം./പി 4/1446/17 /23.03.18	8
2017-18	കെ.എസ്.എ.-കെ.എൽ.എം./പി 4/206/23	5
2018-19	കെ.എസ്.എ.-കെ.എൽ.എം./പി 4/247/19	8
2019-20	കെ.എസ്.എ.-കെ.എൽ.എം./പി 4/561/2021, 16.06.2023	25
2020-21	കെ.എസ്.എ.-കെ.എൽ.എം./പി 4/1555/2021, 15.07.2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ.-കെ.എൽ.എം./പി 4/2293/22, 27/03/2023	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്.എ.-കെ.എൽ.എം./പി 4/1448/2023 , 07/09/2023	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5/1 dated 5/1 dated 28-05-2024 and submitted on 28-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the East Kallada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of East Kallada Grama Panchayat as on 31-03-2024

Date: 25/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of East Kallada Grama Panchayat for the Year 2023-2024.

1.Major Observations

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit :- Ratios, Notes on accounts.

2) Cashflow statement-Net increase/decrease in cashflow did not match with the difference between the opening balance and closing balance of cash and cash equivalents.
3) The expenditure shown in Appropriation Control Register is not in agreement with that shown in Annual Financial Statement in respect of Maintenance Grant (Road}

4) Lapses in making timely and accurate demand entries in respect of tax and non tax revenue.
5) The following registers are not reliable for audit
(a) Assets register
(b) Stock register
6) LIFE loan closing balance asper the passbook is not in agree with AFS.
7) contractors retention amount shown in the AFS is not agree with deposit register.
8) The ledger accounts are not periodically reconciled.
9) No documents produced to check the authenticity ofRS-5499 shown as other liabilities in the balance sheet B4 schedule.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3

അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്